# ചെറിയ പാപങ്ങളെ കരുതിയിരിക്കുക

عَن عَبْدِ اللَّه بن مَسْعُود رَضي الله عنه . أَنَّ رَسُولَ اللَّه ﷺ قَالَ : " إِيَّاكُم وَمُحَقِّرَاتِ الذُّنوب ، فَإِنَّهُنَّ يَجْتَمِعْنَ عَلى الرَّجُلِ حَتّى يُهْلِكْنَهُ " ، وَإِنَّ رَسُولَ الله ﷺ ضَرَبَ لَهُنَّ مَثَلاً : "كَمَثَلِ قَوْمٍ نَزَلُوا أَرْضَ فَلاَة ، فَحَضَرَ صَنِيعُ القَوْمِ ، فَجَعَلَ الرَّجُلُ يَنْطَلِقُ فَيَجِيئُ بِالعُودِ ، وَالرَّجُلُ يَجِيئُ بِالعُودِ ، حَتّى جَمَعُوا سَوَادًا ، وَأَجَّجُوا نَارًا ، وَأَنْضَجُوا مَاقَذَفُوا فِيهَا " (أحمد – ١/٤٠٢)

**അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)ൽനിന്ന്: നബി(സ) പറഞ്ഞു: "നിങ്ങൾ ചെറിയ പാപങ്ങളെ പ്രത്യേകം സൂക്ഷിക്കുക; കാരണം അവ ഒരാളിൽ ഒരുമിച്ചുകൂടി, അയാളെ നശിപ്പിച്ചുകളയും." തുടർന്ന് പ്രവാചകൻ(സ) അതിന് ഒരു ഉപമ പറഞ്ഞു: "ഒരു സംഘം ആളുകൾ ഒഴിഞ്ഞ സ്ഥലത്ത് തമ്പടിക്കുന്നു. തങ്ങൾക്കുള്ള ഭക്ഷണം പാകം ചെയ്യുന്നതിനായി വിറകന്വേഷിച്ചു ഒരാൾ പുറപ്പെടുന്നു. ഒരു മരക്കഷ്ണവുമായി അയാൾ തിരിച്ചു വരുന്നു. വേറൊരാൾ പോയി മറ്റൊരു മരക്കഷ്ണവുമായി തിരിച്ചു വരുന്നു. അങ്ങനെ മരക്കഷ്ണങ്ങളുടെ ഒരു കൂമ്പാരം തന്നെ അവിടെ ഒരുമിച്ചു കൂട്ടുന്നു. അങ്ങനെ തീ കത്തിക്കുകയും ഭക്ഷണം വേവിക്കുകയും ചെയ്യുന്നു."***

**ആളുകൾ** അത്രയൊന്നും ഗൗരവത്തോടെ കാണാത്ത ഒരു വിഷയമാണ് ഈ നബിവചനത്തിൽ ചിത്രീകരിച്ചിരിക്കുന്നത്. വൻപാപങ്ങൾ വന്നുപോകാതിരിക്കാൻ അധികപേരും കഴിവിന്റെ പരമാവധി ശ്രദ്ധിക്കാറുണ്ട്. നിരന്തരം അത്തരം വൻതെറ്റുകൾ ചെയ്യുന്നവർ ഏതൊരു സമൂഹത്തിലും നന്നേ കുറവുമായിരിക്കും. പരലോക വിചാരമില്ലാത്ത കടുത്ത ധിക്കാരികളല്ലാതെ വൻപാപങ്ങൾ തുടർച്ചയായി ചെയ്യുകയില്ല. ഇതല്ല ചെറിയ പാപങ്ങളുടെ സ്ഥിതി. വൻപാപങ്ങൾ വന്നുപോകാതിരിക്കാനുള്ള ജാഗ്രത ചെറിയ പാപങ്ങളുടെ കാര്യത്തിൽ ആരും കാണിക്കാറില്ല. ചെറിയ പാപങ്ങൾ ലഘുവും നിസ്സാരവുമാണെന്നും അതിനാൽ അന്ത്യനാളിൽ ദൈവകാരുണ്യത്താൽ അവ പൊറുക്കപ്പെടുമെന്നും അധികപേരും ധരിക്കുന്നു. എന്നാൽ ചെറിയ പാപങ്ങൾ, അത്ര നിസ്സാരങ്ങളല്ലെന്നും തുടർച്ചയായി ചെയ്യുമ്പോൾ ചെറിയ പാപങ്ങൾ വലിയ പാപങ്ങളുടെ ഫലം ചെയ്യുമെന്നുമാണ് ഇവിടെ പ്രവാചകൻ ഉണർത്തുന്നത്.

ചെറിയ പാപങ്ങൾ ചെറിയതാവുന്നത് അവയെ വലിയ പാപങ്ങളോട് താരതമ്യം ചെയ്യുമ്പോഴാണ്. അല്ലാഹുവിന് അനിഷ്ടകരമായ കാര്യങ്ങൾ അവ ചെറിയതാവട്ടെ, വലിയതാവട്ടെ - ലഘുവോ നിസ്സാരങ്ങളോ അല്ല. ഒരാൾ ഒരു തെറ്റു ചെയ്യുമ്പോൾ അയാൾ അല്ലാഹുവിന്റെ ഒരു കൽപന ലംഘിക്കുന്നു; മനഃപൂർവമാണ് ചെയ്യുന്നതെങ്കിൽ, കരുതിക്കൂട്ടി ദൈവകൽപന ലംഘിക്കുക എന്ന ഗുരുതരമായ കുറ്റമായി അതിനെ കണക്കാക്കും. നബി(സ) പറഞ്ഞു: 'ആഇശാ, നിസ്സാരവും സാധാരണവുമായി കരുതപ്പെടുന്ന പാപങ്ങളെ നീ പ്രത്യേകം സൂക്ഷിക്കണം. എന്തുകൊണ്ടെന്നാൽ അല്ലാഹുവിങ്കൽ അവയും വിചാരണ ചെയ്യപ്പെടുന്നതാണ്' (ഇബ്നുമാജ, ബൈഹഖി).

ചെറിയ പാപങ്ങൾ ചെറിയ മരക്കഷ്ണങ്ങൾ പോലെയാണ്. ഒറ്റപ്പെട്ട് കിടക്കുകയാണെങ്കിൽ ഒരാൾക്കും അവ ഉപകാരമോ ഉപദ്രവമോ ചെയ്യില്ല. എന്നാൽ ഒന്നിനുമീതെ മറ്റൊന്നായി കുമിച്ച് കൂട്ടിയാൽ ഒരു തീകുണ്ഡം തന്നെ അതുകൊണ്ട് ഉണ്ടാക്കാം. ലഘുവും നിസ്സാരവുമായി തോന്നുന്ന തെറ്റുകുറ്റങ്ങളുടെയും അവസ്ഥ ഇതുതന്നെയാണ്. ഒറ്റക്കൊറ്റക്കാവുമ്പോൾ വിശ്വാസിയുടെ സ്വർഗപ്രവേശത്തെ അവ ബാധിക്കുകയില്ല. എന്നാൽ അന്ത്യനാളിൽ മനുഷ്യന്റെ ചെറുതും വലുതുമായ സർവ പാപങ്ങളും ഒരുമിച്ചുകൂട്ടി വിചാരണ ചെയ്യുമ്പോൾ, ചെറിയ പാപങ്ങൾ വലിയപാപങ്ങളായി പരിണമിക്കുമെന്നാണ് പ്രവാചകൻ മുന്നറിയിപ്പ് നൽകുന്നത്. ഒരാൾ ചെയ്ത സൽക്കർമങ്ങളെ ഇല്ലാതാക്കിക്കളയാൻ ചെറിയ പാപങ്ങൾതന്നെ ധാരാളമായിരിക്കും! നബി(സ) പറഞ്ഞു: "ഇനി മുതൽ അറേബ്യയിൽ വിഗ്രഹങ്ങൾ ആരാധിക്കപ്പെടും എന്ന കാര്യത്തിൽ പിശാച് നിരാശനാണ്. എന്നാൽ നിങ്ങൾ ചെറുപാപങ്ങൾ തുടർച്ചയായി ചെയ്യുമെന്നതിനാൽ അവൻ സംതൃപ്തനാണ്. തീർച്ചയായും അന്ത്യനാളിൽ ചെറുപാപങ്ങൾ വൻ പാപങ്ങളായി മാറുന്നതാണ്!" (ത്വബ്റാനി, ബൈഹഖി, അബൂയഅ്ല).

സഅ്ദുബ്നു ജുനാദ(റ)യിൽനിന്നുദ്ധരിക്കപ്പെടുന്ന ഒരു ചരിത്രസംഭവം ഇങ്ങനെയാണ്: 'ഹുനൈൻ യുദ്ധം കഴിഞ്ഞ് മടങ്ങിവരുമ്പോൾ ഞങ്ങൾ ഒരു താഴ്വരയിൽ വിശ്രമിക്കാൻ ഇരുന്നു. ചെടികളോ മറ്റു പാഴ്വസ്തുക്കളോ യാതൊന്നും അവിടെയുണ്ടായിരുന്നില്ല. അപ്പോൾ നബി(സ) പറഞ്ഞു: 'നിങ്ങൾ ഈ താഴ്വരയിൽ എന്തെങ്കിലും കാണുകയാണെങ്കിൽ എന്റെ മുമ്പിൽ കൊണ്ടുവരൂ; എല്ലിൻ കഷ്ണമോ മൃഗങ്ങളുടെ പല്ലോ എന്തുമാകട്ടെ!'

സഅ്ദ്(റ) പറയുന്നു: അൽപ സമയത്തിനുള്ളിൽതന്നെ മാലിന്യങ്ങളുടെ ഒരു കൂമ്പാരം അവിടെ ഒരുമിച്ചുകൂട്ടപ്പെട്ടു! നബി(സ) ചോദിച്ചു: 'ഇപ്പോൾ എന്തുതോന്നുന്നു? തെറ്റുകുറ്റങ്ങൾ ഒരാളിൽ ഒരുമിച്ചുകൂടിയാൽ ഇതായിരിക്കും അവസ്ഥ. അതിനാൽ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക; ചെറുതും വലുതുമായ സർവപാപങ്ങളിൽനിന്നും വിട്ടുനിൽക്കുക. എന്തുകൊണ്ടെന്നാൽ, തെറ്റുകുറ്റങ്ങൾ ഒരാളുടെ മേൽ ഒരുമിച്ചു കൂട്ടപ്പെടുന്നതായിരിക്കും!' (ത്വബ്റാനി). ■

**ജഅ്ഫർ എളമ്പിലാക്കോട്**

* ഇമാം അഹ്മദ്, ബൈഹഖി, ത്വബ്റാനി, അബൂയഅ്ല തുടങ്ങിയവർ പദവ്യത്യാസങ്ങളോടെ ഈ നബിവചനം ഉദ്ധരിച്ചിരിക്കുന്നു. ഇതിന്റെ നിവേദക പരമ്പര 'ഹസൻ' ആണെന്ന് പ്രമുഖ ഹദീസ് പണ്ഡിതന്മാരായ മുഹ്യിദ്ദീൻ ദീബ് മിസ്തു, സമീർ അഹ്മദുൽ അത്താർ, യൂസുഫ് അലി ബുദൈവി എന്നിവർ സാക്ഷ്യപ്പെടുത്തുന്നു.